മാതൃഭൂമി

**15 May 2020**

# കൃഷിയൊരുക്കാൻ സി.എം.എഫ്.ആർ.ഐ.യും

കൊച്ചി ► കൃഷിയിലൂടെ വിജയം കൊയ്യാനായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ കൃഷി ക്ലബ്ബ്. സി.എം.എഫ്.ആർ.ഐ. 'കൃഷിലോകം ക്ലബ്ബി'ന്റെ നേതൃത്വത്തിലാണ് കൊച്ചി നഗരസഭാ പരിധിയിലെ മൂന്നേക്കറോളം വരുന്ന തരിശുനിലത്ത് കിഴങ്ങുകളും പച്ചക്കറിയും കൃഷിചെയ്യുന്നത്. സംസ്ഥാനത്തിന്റെ ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കായി പ്രവർത്തിക്കണമെന്ന മുഖ്യമന്ത്രിയുടെ ആഹ്വാനത്തെ തുടർന്നാണ് കൃഷി.



▶ സി.എം.എഫ്.ആർ.ഐ. പാർപ്പിട സമുച്ചയത്തിലെ തരിശുനിലകൃഷിക്ക് മന്ത്രി വി.എസ്. സുനിൽകുമാർ തൈകൾ നട്ട് തുടക്കംകുറിക്കുന്നു

സി.എം.എഫ്.ആർ.ഐ.യുടെ തേവര കസ്തൂർബാ നഗറിലുള്ള പാർപ്പിട സമുച്ചയത്തിൽ നടത്തുന്ന കൃഷിക്ക് മന്ത്രി വി.എസ്. സുനിൽകുമാർ തുടക്കംകുറിച്ചു. 'കൃഷിലോകം ക്ലബ്ബി'ന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

പാടശേഖര സമിതി അടിസ്ഥാനത്തിൽ നെല്ല് പുഴുങ്ങിയണക്കി കുത്തുന്ന ചെറിയ മിൽ രൂപകൽപ്പനചെയ്ത്, പ്രവർത്തിപ്പിച്ച് കാണിക്കാൻ കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തോട് നിർദേശിച്ചു. ഇടത്തരം നെൽകർഷകർ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി ഇത്തരം മില്ലുകളുടെ അഭാവമാണെന്നും കെ.വി.കെ. കർഷക ഉത്പാദന സംഘങ്ങളുമായി സഹകരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ വികസിപ്പിക്കുന്ന മിനി റൈസ് മിൽ വിജയകരമാണെന്ന് തെളിഞ്ഞാൽ മറ്റു സ്ഥലങ്ങളിലും സ്ഥാപിക്കാൻ ഒരുക്കമാണെന്നും മന്ത്രി പറഞ്ഞു.

എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ സാങ്കേതിക പിന്തുണയോടെയാണ് സി.എം.എഫ്.ആർ.ഐ. കൃഷി ചെയ്യുന്നത്. പൂർണമായും യന്ത്രവത്കൃത രീതിയിലാണ് നിലമൊരുക്കിയത്. ആദ്യപടിയായി, 2500 ചുവട് കപ്പ, 3000 കുറ്റിപ്പയർ, ഇടവിളകളായി മറ്റ് പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ എന്നിവയാണ് കൃഷി ചെയ്യുന്നത്.